**അടിയന്തരപ്രമേയം**

ഇക്കോ സെൻസിറ്റീവ് സോൺ

മി. സ്പീക്കർ: കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കാത്തതും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് പരിസ്ഥിതിലോല മേഖലയാക്കിയാൽ ബാധിക്കുന്ന നിർമ്മിതികളും മറ്റ് വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതുമൂലം കർഷക സമൂഹത്തിന് ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ. പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിലൂടെ ഉന്നയിച്ച ബഫർ സോൺ സംബന്ധിച്ച വിഷയം 2022 ആഗസ്റ്റ് 29-ന് 62, 64 എന്നീ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ മുഖേന സഭാതലത്തിൽ വന്നതും വിശദമായ മറുപടി പറഞ്ഞിട്ടുള്ളതും വളരെ വിശദമായി ചർച്ചയ്ക്ക് വിധേയമാക്കിയതുമാണ്. എങ്കിലും ഇത് അനുവദിക്കുന്നു. വളരെ സംക്ഷിപ്തമായി ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും പറയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞത് അതിന്റെ സ്പിരിറ്റിലെടുക്കുന്നു. ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കാനേ സാധിക്കുകയുള്ളൂ. മറുപടി കേട്ടതിനുശേഷം അതിന്മേൽ ചോദ്യം ചോദിക്കാൻ പറ്റില്ല. അങ്ങനെ അവ്യക്തമായാണ് ആ വിഷയം അവസാനിക്കുന്നത്. വളരെ സെൻസിറ്റീവായ വിഷയമായതുകൊണ്ട് ചോദ്യത്തിൽക്കൂടി ഇത് തീർക്കാൻ സാധിക്കുകയില്ല. റൂൾ 50 സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ഡിമാന്റാണിത്. സമയം നോക്കിയിട്ട് ചുരുക്കിപ്പറയാം. ആ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. ഈ വിഷയം കൊണ്ടുവരാൻ കാര്യം, യഥാർത്ഥത്തിൽ അതിന്റെ ഗൗരവം മനസ്സിലാക്കിയതുകൊണ്ടാണ്.

മി. സ്പീക്കർ: പൊതുവിൽ ഇന്നുണ്ടായിട്ടുള്ള ഒരു സമവായത്തിന്റെകൂടി അടിസ്ഥാനത്തിലാണ് സമയം ചുരുക്കണമെന്ന് പറഞ്ഞത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ നൽകിയ നോട്ടീസിൽ ഗുരുതരമായ ഒരു പിശകുണ്ട്. അദ്ദേഹം നൽകിയ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, 'സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന സർക്കാർ ഉത്തരവ്....' എന്നാണ്. എന്നാൽ അങ്ങനെയൊരു ഉത്തരവില്ല. ഉത്തരവ് പൂജ്യം മുതൽ ഒരു കിലോമീറ്റർ (0-1 കി.മീ) വരെ എന്നാണ്. അദ്ദേഹം നൽകിയിരിക്കുന്ന നോട്ടീസ് വായിക്കുമ്പോൾ മനസ്സിലാക്കുന്നത് ഒരു കിലോമീറ്റർ വരെ നിർബന്ധമാണെന്നുള്ളതാണ്. യഥാർത്ഥത്തിൽ അങ്ങനെയൊന്നില്ല. വിശദീകരണക്കുറിപ്പിലും അങ്ങ് ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന തീരുമാനം ഗവൺമെന്റ് കൈകൊണ്ടിട്ടില്ല. യഥാർത്ഥത്തിൽ ഈ നോട്ടീസ് വസ്തുതകൾക്ക് വിരുദ്ധമാണ്. എങ്കിലും ഇത് ചർച്ച ചെയ്യേണ്ട പ്രധാന്യം ചെയർ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. ബഫർ സോണുമായി ബന്ധപ്പെട്ട് 2019-ലെ

മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെടെവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ (0-1 കി.മീ) വരെ ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപനം തയ്യാറാക്കാനാണ് തീരുമാനിച്ചത്. ആവശ്യമായി വരുന്ന സ്ഥലത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് 'പൂജ്യം' എന്ന് പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഒരിടത്തും ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ ഗസറ്റിലൂടെ വിജ്ഞാപനം പുറപ്പെടുവിച്ചാൽമാത്രമെ അതിൽപ്പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ലെന്ന വ്യവസ്ഥയുമില്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നാണ്. കരട് വിജ്ഞാപനങ്ങളിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം, അവിടെ ഉയർന്നുവന്ന അഭിപ്രായങ്ങൾ കേട്ടതിനുശേഷം, ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ, അർദ്ധ

സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 2020-ൽ സെപ്റ്റംബർ 28-ന് അന്നത്തെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടത്.

ഈ യോഗ തീരുമാനപ്രകാരം 31-10-2019-ലെ സർക്കാർ ഉത്തരവിനകത്തുനിന്നുകൊണ്ട് അതിൽ പറയുന്ന പൂജ്യം കിലോമീറ്ററെന്ന വ്യവസ്ഥ ജനവാസ മേഖലയുൾപ്പെടുന്ന സ്ഥലങ്ങളിലുൾപ്പെടെ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടുള്ളതോ അല്ല. ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ആ വിജ്ഞാപനങ്ങളിലെല്ലാം ജനവാസ മേഖലയെ പൂർണ്ണമായും ഒഴിവാക്കി. പൂജ്യം കിലോമീറ്റർ ജനവാസമേഖലകളിൽ ഉറപ്പുവരുത്തിക്കൊണ്ടാണ് പൊതുജനാഭിപ്രായംകൂടി പരിഗണിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരമെടുത്ത നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ

പ്രസ്താവിച്ചപ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനവും കോടതി വിധിയും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 27-07-2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കെ പുതിയ ഒരു തീരുമാനം കൈക്കൊണ്ടെന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ആ ഉത്തരവ് റദ്ദാക്കാതെതന്നെ അതിന്റെ പരിധിക്കകത്ത് നിന്നുകൊണ്ടുള്ള തീരുമാനത്തിലെത്തിയത്. 2019-ലെ ഉത്തരവ് പരിഗണിച്ചല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രവുമല്ല, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ ബാധകവുമാണ്. 2003-ൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി രാജസ്ഥാന്റെ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിലാണ് 2011-ലെ കേന്ദ്ര നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ

വിധി വന്നിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ, പ്രസ്തുത സർക്കാർ ഉത്തരവ് പിൻവലിക്കുയല്ല വേണ്ടത്, മറിച്ച് ഉത്തരവിൻപ്രകാരം ഇതേവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെകൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിലെ പ്രത്യേക സാഹചര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് 17-08-2022-ന് സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിലെ 44 (സി) പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ആകാവുന്ന സ്ഥലങ്ങളിലെ വിവിധ നിർമ്മാണങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ മൂന്ന് മാസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറപ്പെടുവിച്ചത് 03-06-2022-നാണ്. വിധി പുറപ്പെടുവിച്ച തീയതി മുതലല്ല മൂന്നുമാസം കണക്കാക്കുന്നത്. ഔദ്യോഗികമായി വിധി ലഭിക്കുന്ന തീയതി മുതലാണ് മൂന്നുമാസം കാണക്കാക്കുന്നത്. സുപ്രീംകോടതി വിധിപ്രകാരം

ഏതെങ്കിലും സർക്കാർ ഏജൻസി മുഖേനയോ സാറ്റലൈറ്റ് ഇമേജിംഗ് വഴി അല്ലെങ്കിൽ ഡ്രോൺ ഉപയോഗിച്ചുള്ള ഫോട്ടോഗ്രാഫി വഴിയോ നിർമ്മാണങ്ങളുടെ കണക്ക് തയ്യാറാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം വിവര ശേഖരണത്തിനായി കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (കെ.എസ്.ആർ.ഇ.സി.) ചുമതലപ്പെടുത്തുകയും അവർ 23-8-2022-ൽ ആ ചുമതല നിർവ്വഹിച്ച് സർക്കാരിന് കൈമാറി. കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിയ വിവരശേഖരണ റിപ്പോർട്ട് 29-8-2022 -ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ പരിശോധിച്ചു. യോഗ തീരുമാനപ്രകാരം റിമോർട്ട് സെൻസിംഗ് പ്രകാരമുള്ള ഡാറ്റ മാത്രം ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് സമർപ്പിക്കുന്നതിന് മുമ്പായി വകുപ്പുകളിലെ ഡാറ്റകളുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ സ്വീകരിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാനും മൂന്നുമാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്നും തീരുമാനിച്ചു. വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഊർജ്ജം, തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച്

തുടർനടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ആർ.ഇ.സി തയ്യാറാക്കിയ റിപ്പോർട്ട് ഒരിക്കൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീട് അതിൽ കൂട്ടിച്ചേർക്കൽ പ്രയാസകരമായിരിക്കുമെന്നതിനാലാണ് ഒരു വിദഗ്ദ്ധ സമിതികൂടി ഇത് പരിശോധിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളം മാത്രമെ സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി സമർപ്പിച്ചിട്ടുള്ളൂവെന്ന കാര്യംകൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെ കേരളം മാത്രമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ട പ്രകാരം റിമോർട്ട് സെൻസിംഗ് മുഖേന നിർമ്മാണങ്ങളുടെ വിവിരശേഖരണം പൂർത്തിയാക്കിയിട്ടുള്ളതെന്ന കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ സാധ്യമായ എല്ലാരീതിയിലും സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. സഭ നിർത്തിവച്ച ചർച്ച ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സമയം ചുരുക്കിയതുപോലെ അങ്ങും സമയം ചുരുക്കി അവതരിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയം ഞാൻ കഴിവതും ചുരുക്കിപ്പറയാം. ഇത് അവതരിപ്പിക്കുന്നത് സഭയിലുള്ളവർക്ക് വ്യക്തമാകാൻ വേണ്ടിയാണ്. യഥാർത്ഥത്തിൽ ഈ വിഷയത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയെക്കുറിച്ചാണ് അങ്ങ് പറയാൻ ശ്രമിച്ചത്. ആദ്യമായി സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ എന്ന കൺസെപ്റ്റ് വരുന്നത് 2001 ഫെബ്രുവരി 9-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഇറക്കിയ ഗൈഡ്‌ലൈൻസിന്റെ പശ്ചാത്തലത്തിലാണ്. അതിന്മേൽ സംസ്ഥാനങ്ങളൊന്നും ആക്ട് ചെയ്യാതിരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ചുകൊണ്ട് 2006 ഡിസംബർ 04-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഓർഡർ ഇറക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ 2011-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഫ്രഷ് ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചുകൊണ്ട് സംരക്ഷിത പ്രദേശങ്ങൾക്കും protected forests-ന് ചുറ്റുമായി ഇക്കോ സെൻസിറ്റീവ് സോൺ എന്ന കൺസെപ്റ്റ് സംസ്ഥാനങ്ങൾ മുന്നോട്ട് വയ്ക്കണമെന്നും, അതിൽ എത്രമാത്രം ഏര്യ ഉണ്ടാകുമെന്നും 10

കിലോമീറ്ററാണ് വിഭാവനം ചെയ്യുന്നതെന്നും സൂചിപ്പിച്ചുകൊണ്ടുള്ള കത്ത് എല്ലാ സംസ്ഥാനങ്ങൾക്കും നൽകുകയുണ്ടായി. അങ്ങനെ 09-02-2011-ന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത് സംസ്ഥാന സർക്കാരിനെ അറിയിച്ചതനുസരിച്ച് 29-06-2011-ന് അന്നത്തെ യു.ഡി.എഫ്. ഭരണത്തിലിരുന്ന ഉമ്മൻചാണ്ടി സർക്കാർ വൈൽഡ് ലൈഫ് വാർഡൻ, എക്കോളജിസ്റ്റ്, ബി.ഡി.ഒ., തഹസിൽദാർ എന്നവരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധനയും പഠനവും നടത്തി 08-05-2013-ന് അന്നത്തെ ക്യാബിനറ്റിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം കേരളത്തിന്റെ ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കിയുള്ള സംരക്ഷിത പ്രദേശങ്ങൾ അല്ലെങ്കിൽ ESZ തീരുമാനിക്കുന്നതിന് ക്യാബിനറ്റ് 08-05-2013-ന് തീരുമാനമെടുക്കുകയും അപ്രകാരമുള്ള ഡ്രാഫ്റ്റ് നിർദ്ദേശങ്ങൾ 13-05-2015-ന് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അതായത് കേരളത്തോട് ചോദിച്ച കാര്യങ്ങൾക്ക് സമയബന്ധിതമായി, വളരെ വ്യക്തമായി, നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, കേരളത്തിലെ മുഴുവൻ ജനവാസമേഖലകളും ഒഴിവാക്കി ഇക്കോ

സെൻസിറ്റീവ് സോൺ തീരുമാനിക്കണമെന്ന് 13-05-2015-ന് കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. അതിനുശേഷം സർക്കാർ മാറിവന്നു. പിന്നീട് വന്ന ഒന്നാം പിണറായി സർക്കാറിന്റെ കാലഘട്ടത്തിൽ കേന്ദ്രസർക്കാർ നമ്മൾ സമർപ്പിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് ചില വിശദാംശങ്ങൾ 2016-ൽ അന്നത്തെ സർക്കാരിനോട് ചോദിക്കുകയും പ്രസ്തുത വിശദാംശങ്ങൾ 2018 വരെ നൽകാതിരുന്ന പശ്ചാത്തലത്തിൽ, പൂർണ്ണമായും ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് സമർപ്പിച്ച നിർദ്ദേശങ്ങൾപ്രകാരം ഇഷ്യു ചെയ്യപ്പെട്ട ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ 2018-ൽ ലാപ്സായിപ്പോകുകയും ചെയ്തു. അത് ലാപ്സായതിന്റെ ഫലമായി വീണ്ടും 10 കിലോമീറ്റർ എന്നത് ഇക്കോ സെൻസിറ്റീവ് സോൺ ആയി മാറുകയും വീണ്ടും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസരം ഈ സർക്കാരിന് ലഭിക്കുകയുമുണ്ടായി. ഒന്നാം പിണറായി സർക്കാരിന് ലഭിച്ച അവസരമുപയോഗപ്പെടുത്തി നിങ്ങൾ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടതാണ് ഈ ഉത്തരവിന്റെ രൂപത്തിൽ വന്നത്. അവിടെയാണ് ഏറ്റവും വലിയ ചതിയുണ്ടായിരിക്കുന്നത്. മുഴുവൻ ജനവാസ മേഖലകളെയും ഒഴിവാക്കിക്കൊണ്ടെടുത്ത തീരുമാനം മാറ്റാനുള്ള അവസരം നിങ്ങൾക്ക് ലഭിച്ചത് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം ചോദിച്ച

ക്ലാരിഫിക്കേഷനുള്ള വിശദാംശങ്ങൾ 2018 വരെ നൽകാതെ അത് ലാപ്സായിപോയപ്പോഴാണ്; അപ്പോൾ നിങ്ങൾ പുതിയ തീരുമാനവുമായി വന്നു. അതിൽ പറയുന്നത്, ഇങ്ങനെ മുഴുവൻ ജനവാസ മേഖലകളും ഒഴിവാക്കിയാൽ അത് അംഗീകരിക്കപ്പെടില്ലെന്നും സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെയും കെടുതികളുടെയും പശ്ചാത്തലത്തിൽ പുതിയതായി ഇക്കാര്യം പരിശോധിക്കേണ്ടതുണ്ടെന്നുമാണ്. ഇക്കാര്യംസൂചിപ്പിച്ചുകൊണ്ട് ഇതിനായി പുതയൊരു കമ്മിറ്റിയെ വച്ച് മന്ത്രിസഭ ഒരു നിർദ്ദേശം വാങ്ങുകയും ചെയ്തു. ഏകദേശം 1 മുതൽ 3 കിലോമീറ്റർ വരെ എല്ലായിടത്തും ഇക്കോ സെൻസിറ്റീവ് സോണായി തീരുമാനിക്കണമെന്ന നിർദ്ദേശം മന്ത്രിസഭയ്ക്ക് മുന്നിൽ വരികയും അതിൽ മംഗളവനം സ്വാഭാവികമായും ഹൈക്കോടതിയോട് ചേർന്നുള്ള പ്രദേശമായതിനാൽ ഒരു കിലോമീറ്റർ എന്നത് സാധ്യമല്ലാത്തതുകൊണ്ട് മന്ത്രിസഭാ തീരുമാനം 0 മുതൽ 1 കിലോമീറ്റർ വരെയെന്ന് തീരുമാനമെടുക്കുകയും അപ്രകാരമുള്ള ഉത്തരവ് ഗവൺമെന്റ് ഇറക്കുകയും ചെയ്തു. ഇവിടെയാണ് ഈ വിഷയം ഇത്രയും കോംപ്ലിക്കേറ്റഡ് ആയത്. അതായത് മുഴുവൻ ജനവാസ മേഖലകളെയും ഒഴിവാക്കി നിർത്തിയിരുന്ന തീരുമാനത്തെ റിവൈസ് ചെയ്ത് 0 മുതൽ 1

കിലോമീറ്റർ വരെ ആക്കുകയും ചെയ്തു. എന്നിട്ടും നിരവധി തവണ ഞങ്ങൾ ഈ ഫ്ലോറിൽ ഈ വിഷയം ഉന്നയിക്കുകയും ജനങ്ങളുടെ ആശങ്ക സർക്കാരിന്റെ മുന്നിൽ കൊണ്ടുവരുകയും ജനങ്ങൾ മുഴുവൻ വലിയ ആശങ്കയോടുകൂടി സമരത്തിനിറങ്ങുകയും ചെയ്തു. ഞാൻ അങ്ങയോട് സ്പെസിഫിക്കായി ചോദിക്കാൻ ആഗ്രഹിക്കുന്ന കാര്യം; നിങ്ങൾ യഥാർത്ഥത്തിൽ ജനവാസ മേഖലകളെ എക്കോ സെൻസിറ്റീവ് സോൺ ആക്കാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും എല്ലാ സംരക്ഷിത വനങ്ങൾക്കും പുറത്തുള്ള മുഴുവൻ മേഖലകളെയും ഒഴിവാക്കുമെന്ന് പറയുമായിരുന്നു. എന്റെ കയ്യിലുള്ളത് അങ്ങിപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചുവെന്ന് അവകാശപ്പെടുന്ന റിവ്യൂ ഹർജിയാണ് (ഹർജിയുടെ പകർപ്പ് ഉയർത്തിക്കാട്ടി). റിവ്യൂ ഹർജിയുടെ ഏഴാമത്തെ ഖണ്ഡികയിൽ ഈ സർക്കാർ ചെയ്ത നടപടിയെക്കുറിച്ച് പറയുന്നുണ്ട് "Subsequently the ESZ for the protected areas in Kerala were prepared as below…" എന്നുപറഞ്ഞ് ആ ഖണ്ഡിക അവസാനിക്കുമ്പോൾ പറയുന്നത് "...A table showing the brief on the proposals of Wild Life Sanctuaries, National Parks and Tiger Reserves is

given under Table 1." എന്നാണ്. അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്, വേണമെങ്കിൽ ഇത് ഹാൻഡ് ഓവർ ചെയ്യാം. ഇതിൽ എത്ര വലിയ ചതിയാണ് നിങ്ങൾ ചെയ്തിട്ടുള്ളതെന്ന് നോക്കണം.

ഒന്നമത്, നെയ്യാർ - പേപ്പാറ വൈൽഡ് ലൈഫ്, രണ്ടാമത്, ശെന്തുരുണി വൈൽഡ് ലൈഫ് , മൂന്നമത്, പെരിയാർ.... അതിനുശേഷം ഇടുക്കി വൈൽഡ് ലൈഫിൽ നിങ്ങൾ കൊടുത്തിരിക്കുന്നത്, മിനിമം 0.45 മുതൽ 1 കിലോമീറ്റർ വരെ എന്നാണ്. അടുത്തത് എന്റെ മണ്ഡലമായ കോതമംഗലത്തെ തട്ടേക്കാട് പക്ഷിസങ്കേതമാണ്. അതിനെ സംബന്ധിച്ച് നിങ്ങൾ കൊടുത്തിരിക്കുന്നത്, മിനിമം 1 കിലോമീറ്റർ എന്നാണ്. ഇതാണ് യഥാർത്ഥത്തിൽ പിണറായി സർക്കാർ ചെയ്യാൻ ആഗ്രഹിച്ചിരുന്നത്. അതുപോലെ പലയിടങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. പരമാവധിയെന്നല്ല നിങ്ങൾ പറയുന്നത്, മിനിമം ഇത്ര വേണമെന്നാണ് നിങ്ങൾ കേന്ദ്രസർക്കാറിനെ അറിയിച്ചത്. ഇത് ഈ ഫ്ലോറിൽ നിഷേധിക്കാൻ നിയമ വകുപ്പുമന്ത്രിക്ക് കഴിയുമോ? പിണറായി വിജയൻ സർക്കാർ വന്നതിനുശേഷം കോതമംഗലം തട്ടേക്കാട് പക്ഷിസങ്കേതത്തിന് പുറത്തേയ്ക്ക് 1 കിലോമീറ്റർ വരെ മിനിമം ഇക്കോ സെൻസിറ്റീവ് സോൺ ആക്കണമെന്ന നിർദ്ദേശം

ഞങ്ങൾ കേന്ദ്ര സർക്കാറിന് നൽകിയിട്ടില്ലെന്ന് പറയാനുള്ള ധൈര്യം നിയമ വകുപ്പുമന്ത്രിക്കുണ്ടോ എന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അങ്ങനെ വന്നാൽ കോതമംഗലത്തിനടുത്തുള്ള കീരംപാറയടക്കമുള്ള പ്രദേശംവരെ എക്കോ സെൻസിറ്റീവ് സോൺ ആയി മാറുകയാണ്. ഞങ്ങൾ നിരന്തരം ഈ വിഷയം ഉന്നയിക്കുകയും ജനങ്ങളോടൊപ്പം നിന്ന് ഈ വിഷയത്തെ അതിഗൗരവമായി ഉയർത്തിക്കൊണ്ടുവരികയും ഈ ഫ്ലോറിൽ വന്ന് നിരവധിയായ ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തെങ്കിലും നിങ്ങൾ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ ഏറ്റവും ഒടുവിലായി നിങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഇതെല്ലാം ഒഴിവാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്, 04-03-2022-ൽ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും അത് പ്രകാരം 'പൂജ്യം' ആണ് എല്ലാത്തിനും സ്വീകരിച്ചിട്ടുള്ളതെന്ന് പറഞ്ഞിട്ടുള്ളതല്ലാതെ അതിനെ സാധൂകരിക്കുന്ന ഉത്തരവ് ഇന്നുവരെ സർക്കാർ ഇറക്കിയിട്ടില്ല. കാരണം, ഞങ്ങളുടെ ചോദ്യം നിങ്ങൾ ഈ ചെയ്യുന്നതിൽ ആത്മാർത്ഥയുണ്ടെങ്കിൽ 2015-ൽ ശ്രീ. ഉമ്മൻചാണ്ടി സർക്കാർ കൈക്കൊണ്ട നിലപാട്....... ഇത് നിങ്ങളുടെ ദുരഭിമാനമാണ്. നിങ്ങളുടെ ദുരഭിമാനത്തിന് മുമ്പിൽ ദശലക്ഷക്കണക്കിന് കർഷകരുടേയും

സാധാരക്കാരുടേയും സ്വപ്നങ്ങൾ പൊലിഞ്ഞ് വീഴുന്ന അവസ്ഥയുണ്ടാകും. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ റിവ്യൂ ഹർജി സമർപ്പിച്ച നിങ്ങൾ കർഷകരെ അല്ലെങ്കിൽ സാധാരണക്കാരെ കുടിയേറ്റക്കാരായി ചിത്രീകരിച്ചിരിക്കുകയാണ്; അല്ലെങ്കിൽ കുടിയേറ്റക്കാരായ അവരെ കയ്യേറ്റക്കാരായി ചിത്രീകരിച്ചിരിക്കുകയാണ്. എൻക്രോച്ചേഴ്സും ഫോറസ്റ്റ് കയ്യടക്കി വച്ചിരിക്കുന്നവർക്കുംവേണ്ടി ഞങ്ങൾക്ക് പട്ടയം നൽകേണ്ടിവന്നുവെന്ന ഭാഷ ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് മുമ്പിൽ നിങ്ങൾ ഉയർത്തിയാൽ അതിന്റെ പരിണിത ഫലമെന്തായിരിക്കും? റിവ്യൂ പെറ്റീഷനിൽ വനം കയ്യേറിയവർക്ക് പട്ടയം നൽകേണ്ടിവന്നുവെന്ന പരാമർശം നടത്തിയിരിക്കുകയാണ്. ഈ നിലയിൽ സുപ്രീംകോടതിയിലേക്ക് പോയാൽ എന്താണ് സംഭവിക്കുക?

മി. സ്പീക്കർ: യെസ്... യെസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, മാത്രമല്ല ദേശീയ ശരാശരിയേക്കാൾ 24 ശതമാനമാണ് കേരളത്തിന്റെ വനവിസ്തൃതി. ഫോറസ്റ്റ് കവർ എന്നുപറയുന്നത് 54 ശതമാനമാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സഹകരിക്കാമെന്ന് പറഞ്ഞതാണ്. പ്ലീസ്... ചുരുക്കു...

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു വാചകം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യം പരിശോധിച്ചാൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങളുടെ ആത്മാർത്ഥതയാണ് കാണിക്കേണ്ടതെന്ന് എല്ലാവർക്കും മനസ്സിലാകും. അതായത്, ശരാശരി സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ എത്രമാത്രം വനപ്രദേശമുണ്ടെന്ന് നോക്കണം. കേരളത്തിന് 24.91 ശതമാനം, തൊട്ടടുത്തുള്ള തമിഴ്നാടിന് 13.48 ശതമാനം, കർണ്ണാടകത്തിന് 11.78 ശതമാനം, തെലുങ്കാനയ്ക്ക് 16.68 ശതമാനം, ആന്ധ്രാപ്രദേശിന് 14.87 ശതമാനം. ഇപ്പോൾ ഒടുവിലായി കേരളത്തിന് 29 ശതമാനമുണ്ടെന്ന് പറയുന്നുണ്ട്. ഈ കണക്കെങ്കിലും നിങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിവ്യൂ ഹർജിയിൽ ഒരു വാചകത്തിൽ കാണിക്കേണ്ടേ; എന്നാലല്ലേ കേരളത്തിന്റെ കേസിന് ബലം ലഭിക്കുകയുള്ളൂ? അത് ഈ റിവ്യൂ പെറ്റീഷനിൽ പറഞ്ഞിട്ടില്ല. ഫോറസ്റ്റ് കവർ എന്നുപറഞ്ഞാൽ കേരളത്തിന് 54 ശതമാനമാണെന്ന് അഭിമാനത്തോടുകൂടി

പറയാൻ കഴിയും. നമ്മൾ എക്സംപ്ഷൻ ചോദിക്കുമ്പോൾ കേരളം ചെയ്തിട്ടുള്ള കാര്യങ്ങൾ നിങ്ങൾ സുപ്രീംകോടതിയുടെ മുന്നിൽ പറയുന്നില്ല. മറിച്ച് നിങ്ങൾ പറയുന്നത് ഫോറസ്റ്റ് കയ്യേറിയ ഇത്രപേർക്ക് പട്ടയം നൽകേണ്ടിവന്നു, അവരെ സംരക്ഷിക്കുകയാണ് എന്നാണ്.

മി. സ്പീക്കർ: പ്ലീസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ നിലയ്ക്ക് പോയാൽ റിവ്യൂ ഹർജി കേരളത്തിലെ ജനങ്ങൾക്കുമേൽ ഒരു ഇടിത്തീയായി വീഴുമെന്ന് ഞാൻ ഭയപ്പെടുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി സഭനിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് നിർത്തുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ സഭയുടെ അറിവിനുവേണ്ടി പറഞ്ഞ കാര്യങ്ങൾ യഥാർത്ഥത്തിൽ സഭയേയും അതുവഴി കേരളീയ സമൂഹത്തേയും തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം മാത്രമാണ്. ഈ പ്രശ്നത്തിൽ കക്ഷിരാഷ്ട്രീയം നോക്കാതിരിക്കലാണ് പ്രധാനമായും ചെയ്യേണ്ടത്. ഇവിടെ ചില സംസ്ഥാനങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുകയുണ്ടായി.

സുപ്രീംകോടതി വിധി വന്നതിനുശേഷം ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം മാത്രമാണ് പുനഃപരിശോധനാ ഹർജി നല്കിയത്. സുപ്രീംകോടതി വിധി നിഷ്കർഷിക്കുന്നതുപോലെ വിധി വന്ന് മൂന്ന് മാസത്തിനുള്ളിൽ സാറ്റലൈറ്റ് ഇമേജിംഗും ഡ്രോണും ഉപയോഗിച്ചുകൊണ്ട് കൃത്യമായും ശാസ്ത്രീയമായും വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും യോഗം ചേർന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. 2019-ൽ ഒരു ഉത്തരവ് വന്നു. പ്രസ്തുത ഉത്തരവ് സുപ്രീംകോടതി വിധിയിലേയ്ക്കെത്തിച്ചു. ഇതാണ് പുറത്ത് പ്രസംഗിക്കുന്നതും മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതും. ഇതാണ് സുപ്രീംകോടതി ഉത്തരവ്. (ബഹുമാനപ്പെട്ട മന്ത്രി സുപ്രീംകോടതി ഉത്തരവിന്റെ പകർപ്പ് സഭയിൽ ഉയർത്തിക്കാണിക്കുന്നു.) സുപ്രീംകോടതിയുടെ ഓപ്പറേറ്റിംഗ് പാർട്ട് 44 വളരെ പ്രധാനപ്പെട്ടതാണ്. " 44. We accordingly direct: (a) Each protected forest, that is national park or wildlife sanctuary must have an ESZ of minimum one kilometre measured from the demarcated boundary of such protected forest in which the activities proscribed and prescribed in

the Guidelines of 9th February 2011..........” . 2011 ഫെബ്രുവരിയിലെ കേന്ദ്രസർക്കാർ ഉത്തരവിനെ മാൻഡേറ്ററിയാക്കി മാറ്റുന്നതാണ് ഈ സുപ്രീംകോടതി വിധി. പ്രസ്തുത ഉത്തരവിറക്കിയത് കോൺഗ്രസ്സ് രാഷ്ട്രീയ പാർട്ടിയുടെ മന്ത്രിയായ ശ്രീ. ജയ്റാം രമേശ് ആയിരുന്നു. ബഹുമാനപ്പെട്ട അംഗം വെല്ലുവിളിച്ചതുപോലെ ഞാൻ വെല്ലുവിളിക്കുന്നില്ല. കേരള ചരിത്രത്തിലെ ഏതെങ്കിലും മന്ത്രിസഭയുടെ തീരുമാനം ഈ വിധിയിൽ എവിടെയെങ്കിലും പരാമർശിച്ചിട്ടുണ്ടോയെന്ന് വിനയപൂർവ്വം ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ ഒരു പ്രദേശത്തെ സംബന്ധിച്ച പരാമർശമുണ്ടെന്നു വേണമെങ്കിൽ പറയാം. കാറ്റഗറി തിരിക്കുന്ന പാരഗ്രാഫിൽ 12-ൽ പെരിയാർ നാഷണൽ പാർക്ക് സംബന്ധിച്ച് ഒരു പരാമർശമുണ്ട്. 'such protected areas will be placed in the appropriate category based on them sum total of their areas...'. അവിടെ മാത്രമെ കേരളത്തിലെ ഏതെങ്കിലുമൊരു പ്രദേശം സംബന്ധിച്ച് പരാമർശം നടത്തിയിട്ടുള്ളൂ. ഓപ്പറേറ്റിംഗ് പാർട്ട് 44-നെ കുറിച്ച് സൂചിപ്പിച്ചതിൽ ഇ.എസ്.ഇസഡ്. 1km ആണെന്ന് രേഖപ്പെടുത്തിയശേഷം രാജസ്ഥാനിൽ തെറ്റായ പ്രവൃത്തി നടന്നെന്ന് പറയപ്പെടുന്ന ഒരു പ്രദേശത്ത് 500 മീറ്റർ

മാത്രമെയുള്ളൂ... യഥാർത്ഥത്തിൽ ഈ വിധിയിലൊരിടത്തും കേരളമോ കേരളത്തിന്റെ മന്ത്രിസഭ തീരുമാനങ്ങളോ വന്നിട്ടില്ല. '2019-ലെ മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുണ്ടായ സുപ്രീംകോടതി വിധി നമ്മുടെ കർഷകർക്കും ജനങ്ങൾക്കും ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് - ഇതാണ് നമ്മുടെ നാട്ടിലെ ചില മാധ്യമങ്ങളും സംഘടനകളും നല്കുന്ന പ്രസ്താവനയുടെ ആദ്യ വാചകം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടത്തെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിലൊരു തീരുമാനം വേണമെന്ന് സംസ്ഥാനം ആവശ്യപ്പെടുകയാണ്. ആ വിധി നിലനില്ക്കുകയും ക്യാബിനറ്റ് വിധി ദുർബലപ്പെടുത്തേണ്ടതില്ലെന്ന് പറയുകയും ചെയ്തുകൊണ്ട് എംപവേർഡ് കമ്മിറ്റി മുമ്പാകെ ഇത്തരത്തിലൊരു സബ്മിഷൻ നടത്തുന്നതിൽ എന്തുവ്യക്തതയാണുള്ളത്?

ശ്രീ. പി. രാജീവ്: സർ, നിങ്ങൾ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. ആ ഭാഗം അങ്ങ് അംഗീകരിച്ചല്ലോ.. പ്രസ്തുത വിധി കേരളവുമായി ബന്ധമുള്ളതല്ല, മന്ത്രിസഭാ തീരുമാനവുമല്ല.

ശ്രീ. സണ്ണി ജോസഫ്: സർ, (മൈക്ക് ഓഫ്)..

<u>ശ്രീ. പി. രാജീവ്</u>: സർ, വഴങ്ങുകയാണെങ്കിൽ ചർച്ചയിലേയ്ക്ക് പോകും. ചെയർ അനുവദിക്കുകയാണെങ്കിൽ....

<u>മി. സ്പീക്കർ</u>: ഇന്ന് അത്രയും സമയമെടുക്കാനാകില്ല. ബഹുമാനപ്പെട്ട മന്ത്രി....

<u>ശ്രീ. പി. രാജീവ്</u>: സർ, ബി.ജെ.പി. സർക്കാരിന്റെ കാലഘട്ടത്തിൽ ഒരു നിർദ്ദേശം വന്നുവെന്നുള്ളത് ശരിയാണ്. അത് ഗൈഡ്‌ലൈൻസായി വരുന്നത് ശ്രീ. ജയ്റാം രമേശ് മന്ത്രിയായിക്കുമ്പോഴാണ്. അന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടു. 2009 ആഗസ്റ്റ് 31-ന് മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ്മെന്റ് ഇവിടെ സൂചിപ്പിക്കാം... 'Jairam Ramesh against reducing buffer zones.' ബഹുമാനപ്പെട്ട ചെയറും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും, ഞാനും ഉൾപ്പെടെയുള്ള ആളുകൾ ഇത് ശക്തമായി എതിർത്തിട്ടുണ്ട്. 10km എന്നത് കേരളത്തെ വല്ലാതെ ബാധിക്കും. ഞങ്ങളുടെ ആവശ്യപ്പെട്ട പ്രകാരം കേരളത്തിലെ മുഴുവൻ എം.പി.-മാരുടേയും യോഗം വിളിച്ച അവസരത്തിൽ പത്ത് കിലോമീറ്റർ പറ്റില്ലെന്ന് ശക്തമായി പറയുകയുണ്ടായി. അപ്പോൾ ശ്രീ. ജയ്റാം രമേശ് നമ്മുടെ നാടിന്റെ പ്രകൃതിയെക്കുറിച്ച് നമ്മെ

പഠിപ്പിക്കുകയാണ് ചെയ്തത്. ഗാഡ്ഗിൽ റിപ്പോർട്ടിലെ കാര്യങ്ങളൊക്കെ അദ്ദേഹം വാദിക്കുകയുണ്ടായി. ഇ.എസ്.ഇസഡ്. 10 km വേണമെന്ന് നിർബന്ധം വച്ചൊരു പാർട്ടിയാണ് കോൺഗ്രസ്സ്. അവരാണ് ഈ ഗൈഡ്ലൈനുകൾ ഇറക്കിയത്. ആ ഗൈഡ്ലൈൻ ഇപ്പോൾ മാൻഡേറ്ററിയായി. അന്നത്തെ ഗൈഡ്ലൈൻ സുപ്രീംകോടതി വിധിയോടെ മാൻഡേറ്ററിയായി. സുപ്രീംകോടതി വിധിയെ മാൻഡേറ്ററിയാക്കിയത് കോൺഗ്രസ്സിന്റെ ഗൈഡ്ലൈനാണ്. ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ ശാസ്ത്രീയ പഠനത്തെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ കാര്യങ്ങളെല്ലാം കൃത്യമായി ചെയ്തതായും കമ്മിറ്റിയെ രൂപീകരണത്തെക്കുറിച്ചും കമ്മിറ്റി വിശദമായി പഠിച്ചശേഷം റിപ്പോർട്ട് നല്കിയതായും പറഞ്ഞിരുന്നു. 10 കിലോമീറ്റർ വരെയും ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കണമെന്ന് എന്തിനാണ് പ്രത്യേകം പറയുന്നത്. ഒഴിവാക്കി എന്ന് മാത്രം പറഞ്ഞാൽ പോരെ.. നിങ്ങൾ 2013-ൽ ഒരു മന്ത്രിസഭാ തീരുമാനമെടുത്തെന്ന് പറയുന്നു. നിങ്ങൾക്ക് ആത്മാർത്ഥതയുടെ കടുകുമണിയുണ്ടായിരുന്നെങ്കിൽ ആ മന്ത്രിസഭാ തീരുമാനം നിങ്ങൾ ഒരു സർക്കാർ ഉത്തരവായി ഇറക്കിയോ; ഇല്ല. 2013-ലെ മന്ത്രിസഭ

തീരുമാനത്തിന്റെ ജി.ഒ. നിങ്ങളുടെ കൈയിലുണ്ട്. മന്ത്രിസഭാ തീരുമാനത്തെ സംബന്ധിച്ച് വനം വകുപ്പിന് കത്തകയ്ക്കുക മാത്രമാണുണ്ടായത്. ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതുപോലെ അതിവിദഗ്ദ്ധമായി എല്ലാം ചുമതലപ്പെടുത്തി, ശാസ്ത്രീയ പഠനം നടത്തിയതിന്റെ ഭാഗമായി റിപ്പോർട്ട് സമർപ്പിച്ചല്ലോ. ആ റിപ്പോർട്ടിനെന്താണ് സംഭവിച്ചത്? അടിസ്ഥാനമായി ചെയ്യേണ്ട കാര്യം പോലുമില്ലാതെ സമർപ്പിച്ചതിന്റെ ഭാഗമായി റിപ്പോർട്ടുകളിൽ 11 എണ്ണം കേന്ദ്രസർക്കാർ നിരസിക്കുകയാണുണ്ടായത്. 11 എണ്ണവും തിരിച്ചയച്ചു. കളർ കോഡുകൾ ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, രേഖാംശവും അക്ഷാംശവും അടങ്ങിയ കൃത്യമായ അതിരുകൾ നിർണ്ണയിക്കപ്പെടാത്തതിനാലും കേന്ദ്രവിദഗ്ദ്ധ സമിതി നല്കിയ നിർദ്ദേശങ്ങൾ അവ്യക്തമാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു റിപ്പോർട്ടുകൾ തിരിച്ചയച്ചത്. ഞങ്ങൾ ചെയ്ത ചതിയെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചല്ലോ. ആറളം വന്യജീവി സങ്കേതം- നിങ്ങൾ സമർപ്പിച്ച സ്ഥലത്തിന്റെ വിസ്തൃതി 12.4 കിലോമീറ്റർ. ഞങ്ങൾ 2020-ൽ സമർപ്പിച്ച സ്ഥലത്തിന്റെ വിസ്തൃതി 7.56 കിലോമീറ്റർ. കൊട്ടിയൂർ സംബന്ധമായി നിങ്ങൾ സമർപ്പിച്ചത് 22.34 കിലോമീറ്റർ, ഞങ്ങൾ

സമർപ്പിച്ചത് 10.8 കിലോമീറ്റർ. മംഗളവനം; മംഗളവനത്തിന്റെ 200 മീറ്ററിനുള്ളിലാണ് ഹൈക്കോടതി സ്ഥിതി ചെയ്യുന്നത്. നിങ്ങൾ നല്കിയത് ഹൈക്കോടതിയുൾപ്പെടെ 0.542 കിലോമീറ്ററാണ്; എന്നാൽ ഞങ്ങൾ നല്കിയത് 0.122 കിലോമീറ്ററാണ്. മംഗളവനത്തെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്. എറണാകുളം എം.എൽ.എ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഹരിതസേനയുടെ ഭാഗമായി 23-04-2012-ന് നല്കിയ കത്ത് ഇവിടെയുണ്ട്. Environmental protection പരിധിയിൽ Eco sensitive പ്രദേശമായി റെയിൽവേ, ഹൗസിംഗ് ബോർഡ് തുടങ്ങിയവയുടെ കൈവശമുള്ള സ്ഥലങ്ങളുൾപ്പെടെ ഈ സോണായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടാണ് കോൺഗ്രസ്സ് നേതാവ് അന്നത്തെ എം.എൽ.എ. കത്ത് കൊടുത്തത്. പിന്നെയിങ്ങനെ പറയാൻ പാടുണ്ടോ? ഇവിടെ അടിസ്ഥാനപരമായി പറയുന്നത് 2019-ലെ ഉത്തരവ് റദ്ദാക്കിയിട്ടില്ലെന്നതാണ്. 2019-ലെ ഉത്തരവും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. 2013-ൽ മന്ത്രിസഭ തീരുമാനമെടുത്തിരുന്നെങ്കിലും ഉത്തരവിറക്കിയിരുന്നില്ല. ഉത്തരവിറക്കിയില്ലെങ്കിലും മന്ത്രിസഭാ തീരുമാനം valid ആണ്, കത്തുണ്ട്. 2019-ലെ മന്ത്രിസഭാ തീരുമാനം ഞാൻ

പരിശോധിച്ചു. 2019-ലെ ഉത്തരവ് റദ്ദാക്കാത്തതുകൊണ്ട് അത് നിലനിൽക്കുന്നുവെന്നാണല്ലോ നിങ്ങൾ പറയുന്നത്. അങ്ങനെയാണെങ്കിലും ഒരു പ്രശ്നവുമില്ല. കാരണം, 2019-ലെ ഉത്തരവ് ഞാൻ വായിച്ചതാണ്. 2013-ലെ തീരുമാനവും റദ്ദാക്കിയിട്ടില്ല. അപ്പോൾ 2013-ലെ തീരുമാനമല്ലേ നിൽക്കുകയുള്ളൂ എന്നതാണ് വാദമെങ്കിൽ, ഒരു മന്ത്രിസഭാ തീരുമാനം വരുമ്പോൾ അതുമായി ബന്ധപ്പെട്ട പഴയ തീരുമാനം റദ്ദാക്കുന്നില്ലെങ്കിൽ അത് നിലനിൽക്കുന്നുവെങ്കിൽ, ഇപ്പോൾ 2013-ലെ തീരുമാനമാണോ നിലനിൽക്കുന്നത്; 2013-ലെ തീരുമാനം പരാമർശിച്ചുകൊണ്ടാണ് 2019-ൽ മന്ത്രിസഭാ തീരുമാനം വന്നത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ,........

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ വഴങ്ങാൻ തയ്യാറാണ്, പക്ഷെ ചെയർ അനുവദിക്കാത്തതുകൊണ്ട് മാത്രമാണ് വഴങ്ങാത്തത്. ഡോ. മാത്യു കുഴൽനാടൻ, ഇനി പ്രതിപക്ഷനേതാവ് സംസാരിക്കുമല്ലോ; 2019-ലെ മന്ത്രിസഭാ തീരുമാനം സി.ആർ.ഇസെഡ് പൂജ്യം മുതൽ ഒരു കി.മീ. വരെയാണെന്നാണ്. അതിൽ നിന്നുകൊണ്ടാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ആ വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ ജനങ്ങളുടെ

അഭിപ്രായം തേടുകയും അവരുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനവാസമുള്ള പ്രദേശങ്ങളെല്ലാം പൂജ്യം കിലോമീറ്ററായി നിശ്ചയിക്കുകയും ചെയ്തു. ആ വിജ്ഞാപനം സർക്കാർ അയച്ചുകൊടുത്തു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി വന്നപ്പോൾ നമ്മുടെ എല്ലാ വിജ്ഞാപനങ്ങളും തിരിച്ചയക്കുകയാണുണ്ടായത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. രാജീവ്: സർ, ഇത് തെറ്റിദ്ധാരണ സൃഷ്ടിച്ച കാര്യമായതിനാലാണ് ഞാൻ വിശദീകരിച്ചത്. ഞാൻ ആദ്യം ആറ് മിനിട്ട് മാത്രമാണ് സംസാരിക്കാനെടുത്തത്. ബഹുമാനപ്പെട്ട സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനങ്ങൾ അംഗീകരിക്കണമെന്ന് പറഞ്ഞപ്പോൾത്തന്നെ കത്തയച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ ഒരു കിലോമീറ്റർ പരിധി പറയുന്നതുകൊണ്ടാണ് തിരിച്ചയച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കകത്ത് നിന്നിരുന്നെങ്കിൽ ഇതൊന്നും തിരിച്ചയക്കാൻ തീരുമാനിക്കില്ലായിരുന്നു. സംസ്ഥാനം അയച്ച വിജ്ഞാപനങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കകത്തുള്ളതാണെങ്കിൽ പിന്നെയത് സുപ്രീംകോടതി

വിധിക്കനുസൃതമായി അയയ്ക്കാൻ പറഞ്ഞുകൊണ്ട് തിരിച്ചയയ്ക്കുമോ? ഇത് സുപ്രീംകോടതി വിധിക്കനുസൃതമാക്കാനാണ് തിരിച്ചയച്ചത്. സുപ്രീംകോടതി വിധിയെന്ന് പറയുന്നത് ഒരു കിലോ മീറ്റർ പരിധി വേണമെന്നുള്ളതാണ്. സംസ്ഥാനം അയച്ചതിൽ ഒരു കിലോമീറ്റർ നിർബന്ധമാക്കിയിരുന്നില്ല. അതുകൊണ്ടാണ് സുപ്രീംകോടതി വിധിക്കനുസൃതമാക്കണമെന്ന് പറഞ്ഞ് അവർ തിരിച്ചയച്ചത്. നമ്മൾ അതിനുമുമ്പേ ഇത് അംഗീകാരത്തിനായി അയച്ചിരുന്നു. യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ജനങ്ങളുടെ താൽപ്പര്യം മുൻനിർത്തി, ഈ നാടിന്റെ താൽപ്പര്യം മുൻനിർത്തി കക്ഷി രാഷ്ട്രീയത്തിന്റെ സങ്കുചിത വികാരങ്ങൾക്കൊന്നും പോകാതെയാണ് നിലപാട് സ്വീകരിച്ചത്. ഡോ. മാത്യു കുഴൽനാടൻ എന്തോ പ്രയോഗം നടത്തി, ഞങ്ങൾ വനഭൂമിയിലേയ്ക്ക് പോയി, കഷ്ടപ്പെട്ട് ബുദ്ധിമുട്ടി അവിടെ താമസിക്കുന്ന ആളുകളെ കയ്യേറ്റക്കാരെന്ന് റിവ്യൂ പെറ്റീഷനിൽ വിളിച്ചിരിക്കുന്നുവെന്ന് പറയുകയുണ്ടായി. ഒരു അഭിഭാഷകനായ അങ്ങ് ഇങ്ങനെ പറയാമോ; ഞങ്ങൾ എന്താണ് അതിൽ പറയുന്നത്? ഞങ്ങൾ പറഞ്ഞിരിക്കുന്നത്, 1977-ന് മുമ്പോ മറ്റോ  അവിടെ താമസിച്ച ആളുകൾക്ക് ഗവൺമെന്റ് പട്ടയം

കൊടുത്തു. അങ്ങനെ പട്ടയം കൊടുത്തത് നാച്യുറൽ അഫയേഴ്സുമായി ബന്ധപ്പെട്ട കേസിൽ ചോദ്യം ചെയ്യപ്പെട്ടു. ബഹുമാനപ്പെട്ട സുപ്രീംകോടതി ആ പട്ടയം കൊടുത്ത നടപടി അംഗീകരിച്ചു. പൂജ്യം മുതൽ ഒരു കിലോമീറ്ററിന് ഇടയിൽത്തന്നെയാണ് സർക്കാർ പട്ടയം നൽകിയത്. അതിനെയാണ് അദ്ദേഹം അധിക്ഷേപിച്ചുവെന്ന് പറഞ്ഞത്. എന്നാൽ ആ പട്ടയം നൽകിയത് ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചു. ഈ വിധി അതിന് വിരുദ്ധമാണ്. ഈ വിധിയിൽ ഒരു കിലോമീറ്ററെന്ന് പറയുമ്പോൾ പട്ടയം നൽകിയ നിങ്ങളുടെ പഴയ വിധി അസാധുവാക്കുന്നതാണ്. ഇതാണ് ഞങ്ങൾ പറഞ്ഞത്. അത് അധിക്ഷേപമെന്നാണ് അങ്ങേയ്ക്ക് തോന്നിയത്. ഈ കേസിന്റെ ഏറ്റവും ശക്തമായ പോയിന്റാണത്. അത് തെറ്റാണെന്ന് പറഞ്ഞാൽ, നിങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത് അവിടെ താമസിക്കുന്ന പട്ടയം ലഭിച്ച പാവപ്പെട്ട ആളുകളുടെ താൽപര്യങ്ങളെയല്ലെന്നാണ്. അവർക്കെതിരായ താൽപ്പര്യമാണ്. അത് തെറ്റാണ്. ബഫർ സോൺ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനം മാത്രമാണ് ചെയ്തത്. എത്ര കിട്ടിയെന്നുള്ള കണക്ക് എന്റെ കൈവശമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഹൈക്കോടതി, കെട്ടിടങ്ങൾ

എന്നിവയെല്ലാം ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞതാണ്. എന്നാൽ ഡ്രോൺ വച്ച് സാറ്റലൈറ്റ് സർവ്വേ നടത്തിയാൽ മതിയെന്നാണ് കോടതി പറഞ്ഞത്. പക്ഷേ ഫിസിക്കലായി നോക്കുമ്പോൾ ഇത് ആകണമെന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളുമുൾപ്പെടെയുള്ളവർ ആ യോഗത്തിൽ പങ്കെടുത്തതാണ്. ഫിസിക്കലായികൂടി മൂന്ന് മാസത്തിനുള്ളിൽ കൊടുക്കാമെന്ന് അദ്ദേഹം തന്നെ പറഞ്ഞു. നമ്മൾ റിവ്യൂ കൊടുത്തു, മറ്റൊരു സംസ്ഥാനവും കൊടുത്തിട്ടില്ല. മൂന്നുമാസം, വിധി പകർപ്പ് കിട്ടിയതിനുശേഷം ഇനിയും സമയമുണ്ട്. കുറച്ച് വൈകിയാലും കൊടുക്കാം. ഡ്രോൺ ഇന്ന തീയതിക്കുള്ളിൽ സർവ്വെ പൂർത്തീകരിച്ചുവെന്ന് പറയാം. ഡ്രോൺ ആകുമ്പോൾ സർവ്വേ എടുത്ത തീയതിയും സമയവുമുൾപ്പെടെ കൃത്യമായി ലഭിക്കും. എല്ലാം ഡിജിറ്റലൈസ് ആണ്. എന്നാൽ നമുക്ക് ഫിസിക്കലായി നോക്കേണ്ടതുണ്ട്. അതിന് വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഞാൻ സൂചിപ്പിച്ചതുപോലെ, ഇതുസംബന്ധിച്ച് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൂടി സമർപ്പിക്കണമെന്നാണ് തീരുമാനിച്ചത്. ഈ പ്രശ്നത്തെ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ച് ജനങ്ങൾക്കിടയിൽ

ആശയക്കുഴപ്പമുണ്ടാക്കി എന്തെങ്കിലുമൊരു നേട്ടമോ രണ്ട് വോട്ടോ അധികം കിട്ടുമോയെന്നുള്ള ചിന്തയല്ല വേണ്ടത്, നാടിനെ സംരക്ഷിക്കാനുള്ള ചിന്തയാണ് വേണ്ടത്. അതിന് ഇതിനോടൊപ്പം ഇനിയെങ്കിലും നിങ്ങൾ നിൽക്കണം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഈ നാട് ഒറ്റക്കെട്ടായി എടുത്ത വികാരമാണ് ഗവൺമെന്റ് പ്രകടിപ്പിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവമേറിയ ഒരു വിഷയം ഡോ. മാത്യു കുഴൽനാടൻ അടിയന്തരപ്രമേയമായി അവതരിപ്പിച്ചപ്പോൾ, ഈ നാടിനെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ നിയമത്തെ വളച്ചൊടിച്ചുകൊണ്ട് സർക്കാർ ഇറക്കിയ തെറ്റായ ഉത്തരവുകളെ വീണ്ടും ന്യായീകരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത്. 31-10-2019-ൽ ഇറക്കിയ കരട്

വിജ്ഞാപനം വളരെ വ്യക്തമാണ്. ജനവാസ കേന്ദ്രങ്ങളെയുൾപ്പെടുത്തി ബഫർ സോൺ നിശ്ചയിക്കണമെന്ന് തീരുമാനമെടുത്തത് മന്ത്രിസഭയാണ്. 23-10-2019-ലെ മന്ത്രിസഭാ തീരുമാനം വളരെ ലളിതമാണ്. ജനവാസ കേന്ദ്രങ്ങളെയുൾപ്പെടുത്തി ഈ ബഫർ സോൺ നിശ്ചയിക്കണമെന്നാണ്. അതുസംബന്ധിച്ച ഉത്തരവ് 31-10-2019-ൽ ഇറക്കി. ആ ഉത്തരവിനെ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ന്യായീകരിക്കുകയാണ്. ആ ഉത്തരവ് ശരിയായിരുന്നുവെന്നാണ് പറയുന്നത്. ഗുരുതരമായ മറ്റൊരു ആരോപണംകൂടി പറഞ്ഞു. അതായത് 2011-ൽ ശ്രീ. ജയറാം രമേശ് മന്ത്രിയായിരുന്ന സമയത്തെ ഗൈഡ്ലൈൻ അനുസരിച്ചാണ് ഇത് ചെയ്തതെന്ന് പറഞ്ഞു. കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിലും ഇതുപോലെ ഈ ഉത്തരവും സുപ്രീം കോടതി വിധിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ള പ്രസ്താവന മന്ത്രി നടത്തുകയുണ്ടായി. ഈ കേസ് കേരളവുമായി ബന്ധമുള്ളതല്ലന്നൊക്കെയാണ് പറഞ്ഞത്. 1995-ലാണ് ടി. എൻ. ഗോദവർമ്മൻ തിരുമുൽപ്പാട് സുപ്രീം കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചത്. 27 വർഷങ്ങൾക്കുശേഷമാണ് അതിന്റെ വിധി വന്നത്. അദ്ദേഹം അതിനിടയിൽ മരണപ്പെടുകയും ചെയ്തു. എന്നിട്ടും ആ പരാതി

Public Interest Litigation ആയതുകൊണ്ട് തുടർന്നു. ഈ 27 വർഷക്കാലത്തിനിടയിൽ നിരവധി ഉത്തരവുകൾ സുപ്രീംകോടതി നൽകുകയുണ്ടായി. അതിൽ ഒരു ഉത്തരവാണ് കേന്ദ്ര സർക്കാരിനോട് 2002-ലെ അടൽ ബിഹാരി വാജ്പേയി സർക്കാരിന്റെ കാലത്തുള്ള വിഷൻ ഡോക്യുമെന്റ് അനുസരിച്ച് ഗൈഡ്‌ലൈൻ തയ്യാറാക്കി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളോട് ബഫർ സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം അറിയാൻ ആവശ്യപ്പെട്ടു. ഇന്ത്യയിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ആ കേസിൽ വരികയാണ്. കേരളത്തിന് ഒരു ബന്ധവുമില്ലെന്ന് അങ്ങ് എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്? ഈ സുപ്രീംകോടതി വിധിയിൽ എന്താണ് പറയുന്നത്, 'It was instituted for protection of forest lands in the Nilgiris district of the State of Tamil Nadu. Subsequently, the scope of that writ petition was enlarged so as to protect such natural resources throughout the country', എന്നാണ്. ഇതിൽ കേരളം ഉൾപ്പെടില്ലേ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ആദ്യം നൽകിയ മറുപടിയിൽ കൃത്യമായി ഇത് പറഞ്ഞിട്ടുണ്ട്.

2019-ലെ ഉത്തരവ് പരിഗണിച്ചുകൊണ്ടല്ല ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവ് കേരളത്തിന് മാത്രമല്ല ഇന്ത്യയിലൊട്ടാകെ ബാധകമാണ്. ഞാൻ ഇക്കാര്യം പറഞ്ഞതാണ്. ഇതിൽ എന്ത് വൈരുദ്ധ്യമാണുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് നേരത്തെ പറഞ്ഞത് കേരളം ഇതിൽ ഒരു പാർട്ടിയല്ലെന്നാണ്. അങ്ങ് കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് ഉത്തരം നൽകിയത് ഞാൻ വായിച്ച് കേൾപ്പിക്കാം. കേരളം മുന്നോട്ടുവച്ച ബഫർ സോൺ സംബന്ധിച്ച പ്രോപ്പോസലുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു കേസിലോ അപേക്ഷയിന്മേലോ അല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്. ഗോവ ഫൗണ്ടേഷൻ vs ഗവൺമെന്റ് ഓഫ് ഇന്ത്യ, ഗോദവർമ്മൻ തിരുമുൽപ്പാട് vs ഗവൺമെന്റ് ഓഫ് ഇന്ത്യ തുടങ്ങിയ കേസുകളിലാണ് സുപ്രീം കോടതി ഈ തീരുമാനമെടുത്തത്. 2019-ലെ മന്ത്രിസഭ ഉത്തരവിനെത്തുടർന്നുണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെന്ന് പരാമർശിക്കപ്പെടുന്നത് ശരിയല്ല. 2019-ൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയെന്ന് പരിധി വ്യക്തമാക്കിയിരുന്നു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ, മന്ത്രിതല സമിതി ജനസാന്ദ്രതയുള്ള

പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് തീരുമാനമെടുത്തത്, ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിയത് എന്നാണ്. 2013-ലെ മന്ത്രിസഭാ തീരുമാനം വ്യക്തമാണ്. ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കി. അന്ന് എന്താണ് പത്ത് കിലോമീറ്ററെന്ന് എഴുതിയത്? കേന്ദ്രത്തിൽനിന്ന് വന്നിരിക്കുന്ന കത്ത്, ഗൈഡ്‌ലൈനിന്റെ ഭാഗമായി പത്ത് കിലോമീറ്റർ ബഫർ സോൺ നിശ്ചയിക്കുമ്പോൾ നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? പത്ത് കിലോമീറ്റർ ബഫർ സോൺ നിശ്ചയിച്ചപ്പോൾ ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കണമെന്ന് അന്നത്തെ ഗവൺമെന്റ് മറുപടി നൽകി. അന്നത്തെ സർക്കാർ ഉത്തരവിറക്കിയില്ലെന്ന് മന്ത്രി പറഞ്ഞു, ആ മന്ത്രിസഭാ തീരുമാനത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു? നിങ്ങൾ 2019-ൽ ഇറക്കിയ ഉത്തരവിൽത്തന്നെ പറയുന്നുണ്ട്, സർക്കാർ 2015-ൽ സമർപ്പിച്ച നിർദ്ദേശത്തിന്റെ, അതായത് 2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷിത പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനങ്ങൾ പറപ്പെടുവിച്ചു. അതിന് ഗവൺമെന്റ് ഉത്തരവിന്റെ ആവശ്യമുണ്ടോ? തുടർന്ന് 2016-ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ദ്ധ സമിതി യോഗത്തിൽ കേരള സർക്കാർ

സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ പരിഗണിക്കുകയുണ്ടായി. എന്നാൽ വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകാത്തതിനെത്തുടർന്ന് കരട് വിജ്ഞാപനങ്ങൾ 2018-ഓടെ കാലഹരണപ്പെട്ടു. ആരാണ് 2016 മുതൽ 2018 വരെ ഭരിച്ചത്. ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്ന ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്നുണ്ടായ കരട് വിജ്ഞാപനം കാലഹരണപ്പെടാൻ കാരണമെന്താണ്? കേന്ദ്രസർക്കാരിന്റെ ചോദ്യങ്ങൾക്ക് രണ്ട് കൊല്ലം ഉത്തരം പറയാതെ കയ്യും കെട്ടിയിരുന്നതുകൊണ്ടാണ്. 2019-ലെ ഉത്തരവിൽ പറയുന്ന കാര്യമാണ്, സർക്കാർ പറയുകയാണ്, ആയതിനാൽ പത്ത് കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം നിലവിൽ കേരളത്തിനും ബാധകമാണ്. എന്നാൽ ഇപ്പോൾ പറയുകയാണ്, 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിലോല ദുർബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം

കൂട്ടിയിരുന്നു. ഈ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാൻവേണ്ടി പറയുകയാണ്. ഇക്കഴിഞ്ഞ മൺസൂൺ കാലത്തുമുണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇതിന് അടിവരയിടുന്നു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസമേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അതിനോട് ഞങ്ങളും യോജിക്കുന്നു. എന്നിട്ട് എടുത്ത തീരുമാനമെന്താണ്? ജനവാസ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബഫർ സോൺ തീരുമാനിക്കണമെന്ന ഉത്തരവ് കൊടുത്ത് കേന്ദ്രസർക്കാരിന് അയയ്ക്കുകയാണ് ചെയ്തത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട പതിപക്ഷനേതാവ് ഇപ്പോൾ പറഞ്ഞത് 31-10-2019-ലെ ഉത്തരവിനെ സംബന്ധിച്ചാണ്. പ്രസ്തുത ഉത്തരവിന്റെ 7-ാം പാരഗ്രാഫിൽ 08-05-2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കി ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ സംരക്ഷിത പ്രദേശങ്ങളുടെ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് വിജ്ഞാപനം പരിഷ്കരിക്കേണ്ടതുണ്ട്. 08-05-2013-ന്റെ

മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി ഇ.എസ്.ഇസെഡ്. നൽകി. അത് കരട് വിജ്ഞാപനമായി വന്നു. ബഹുമാനപ്പെട്ട മന്ത്രി കൊട്ടിയൂരിനെ സംബന്ധിച്ച് പറഞ്ഞത് ശരിയല്ല. അത് എന്റെ നിയോജകമണ്ഡലത്തിലാണ്. ഞാൻ പരിശോധിച്ചിട്ടുണ്ട്. ആദ്യം ഇറക്കിയ വിജ്ഞാപനത്തിൽ പൂർണ്ണമായും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയിരുന്നു. ഈ സർക്കാർ ഉത്തരവാണ് പ്രശ്നങ്ങൾ സൃഷ്ടിച്ചതെന്ന് 7-ാം പാരഗ്രാഫ് കൂട്ടിവായിച്ചാൽ കൂടുതൽ വ്യക്തമല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ടാണ് ഈ ഉത്തരവ് നമ്മളെ വളരെ ദോഷകരമായി ബാധിച്ചുവെന്ന് ഞാൻ പറഞ്ഞത്. 2021-ൽ ശ്രീ. പ്രകാശ് ജാവ്ദേക്കർ, ബഹുമാനപ്പെട്ട മന്ത്രി പാർലമെന്റിൽ നൽകിയ സ്റ്റേറ്റ്മെന്റ് എന്താണെന്ന് അറിയാമോ? Union Minister Prakash Javadekar in Parliament that the buffer zone was declared based on recommendation by the State Government has put the ruling LDF on the basis of the recommendation made by the State Government. അതായത് 2019-ലെ ഉത്തരവാണ്. അല്ലാതെ 2020-നുശേഷം വനം

വകുപ്പുമന്ത്രി വേറെ യോഗം കൂടിയെടുത്ത തീരുമാനമല്ല. 2021-ൽ പാർലമെന്റിൽ ശ്രീ. പ്രകാശ് ജാവ്ദേക്കർ നടത്തിയ സ്റ്റേറ്റ്മെന്റ് 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി ബഫർ സോൺ നിശ്ചയിക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമനുസരിച്ചാണ് രണ്ടാമത് വിജ്ഞാപനം ഇറക്കിയതെന്നാണ് കേന്ദ്രമന്ത്രി പറഞ്ഞത്. അപ്പോൾ അത് നിങ്ങൾ ഇവിടെനിന്ന് നൽകിയ അഭിപ്രായമല്ലേ? കേരളത്തിന് ഒരു കാര്യവുമില്ലെന്ന് പറയുന്നത്, സുപ്രീംകോടതിയുടെ നിർദ്ദേശം യൂണിയൻ ടെറിട്ടറീസും സംസ്ഥാന ഗവൺമെന്റുകളും അവരുടെ അഭിപ്രായം നൽകണം. കേന്ദ്ര ഗവൺമെന്റ് ആ അഭിപ്രായം ക്രോഡീകരിച്ചാണ് സുപ്രീംകോടതിയിൽ നൽകിയത്. വിവിധ സംസ്ഥാനങ്ങൾ - കർണ്ണാടക, രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിങ്ങനെ നിരവധി സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കക്ഷി ചേർന്ന് അവരുടെ പല സ്ഥലങ്ങളും ഒഴിവാക്കിയെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവനും ഇത് ചെയ്തുവെന്ന് പറയുന്നതിൽ ഒരു യാഥാർത്ഥ്യവുമില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇതുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. മാത്രവുമല്ല 2018-ലെ ഉത്തരവ് റദ്ദാക്കണമെന്ന് പറയാനുള്ള പ്രധാനപ്പെട്ട കാരണം

അതിലെ അവ്യക്തതകളാണ്. 2022-ൽ ഇറക്കിയ ഉത്തരവിൽ എന്തുമാത്രം അവ്യക്തകളാണുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് ഈ ഉത്തരവ് വായിച്ചാൽ മനസിലാകില്ലേ? ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിന്റെ 2019-ലെ ഉത്തരവുണ്ട്, കേന്ദ്ര സർക്കാരിന്റെ പക്കലുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതിനുശേഷമാണ് രണ്ടാമത് ഉത്തരവ് ഇറക്കിയിരിക്കുന്നതെന്ന് ഇതിന്റെ തീയതി നോക്കിയാൽ ഏത് ജഡ്ജിക്കാണ് മനസ്സിലാകാത്തത്? ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതിനുശേഷമാണ് ഈ ഉത്തരവ് ഇറക്കിയതെന്നുവന്നാൽ അത് കേസിനെ ദോഷകരമായി ബാധിക്കും. 2022 ജൂൺ 3-ാം തീയതിയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി വന്നത്. സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയത് 10-08-2022-ന് ആണ്. അതായത് അഞ്ച് മാസം കഴിഞ്ഞതിനുശേഷമാണ്. അത് മനസ്സിലാക്കാനുള്ള ബോധ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിക്കില്ലേ? അപ്പോൾ വ്യക്തതയാണ് ഉത്തരവിൽ വേണ്ടത്. വിവിധ ജനവിഭാഗങ്ങളുടെ എതിർപ്പുകളെത്തുടർന്ന് ആ തീരുമാനം മാറ്റി. ജനവാസ കേന്ദ്രങ്ങളെ ഒരു കാരണവശാലും ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. കാരണം കുമളി ഉൾപ്പെടെയുള്ള 20 ടൗണുകളാണ്

ഇതിൽപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഒരു കാരണവശാലും 2022-ലെ ഉത്തരവ് പ്രകാരം മുന്നോട്ടുപോകാൻ പാടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ പരാതിയുണ്ടെങ്കിൽ സി.ഇ.സി.-യെ സമീപിക്കണമെന്നാണ്, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിനെ സമീപിക്കണമെന്നാണ്. അവരുടെ ശിപാർശയോടുകൂടി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോകണം. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് പരിശോധിക്കും. അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് പൂർത്തിയാക്കേണ്ടത്. ഇപ്പോൾ നടത്തിയ സാറ്റ്ലൈറ്റ് സർവ്വേകൊണ്ട് നമുക്ക് എന്താണ് തെളിയിക്കേണ്ടത്? ഇത് ജനസാന്ദ്രത കൂടിയ പ്രദേശമാണ്, ഇവിടെ ധാരാളം നിർമ്മിതികളുള്ള സ്ഥലമാണ്, വലിയ ആക്ടിവിറ്റീസ് നടക്കുന്ന പ്രദേശമാണ്, ധാരാളം കൃഷി സ്ഥലങ്ങളും ആരാധനാലയങ്ങളും ഗവൺമെന്റ് ഓഫീസുകളും അർദ്ധസർക്കാർ സ്ഥാപനങ്ങളുമുള്ള സ്ഥലമാണ്. ഒരു കാരണവശാലും ഇത് ബഫർ സോണായി പ്രഖ്യാപിക്കുന്നത് പ്രായോഗികമല്ലെന്ന് ഈ സാറ്റലൈറ്റ് സർവ്വേയിലൂടെ തെളിയിക്കാൻ സാധിക്കില്ല. നമ്മൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയോട് അതിനുള്ള സമയം ചോദിച്ച്,

കൃത്യമായി മാന്വലായി കണക്കാക്കി നൽകിയില്ലെങ്കിൽ കേസ് തോറ്റുപോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കേരളം ജയിക്കാൻവേണ്ടിയാണ് ഞങ്ങൾ പറയുന്നത്. അല്ലാതെ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യാനല്ല. കേരളത്തിലെ ലക്ഷക്കണക്കിന് കൃഷിക്കാർ ഉൾപ്പെടെയുള്ളവരെ അപകടത്തിൽപ്പെടുത്താൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥന നടത്തുകയാണ്. ഒരിക്കലും ഈ സർവ്വേ നടത്തേണ്ടത് വനം വകുപ്പല്ല. റവന്യൂ, കൃഷി എന്നീ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംകൂടിയാണ് സർവ്വേ നടത്തി വിവരം നൽകേണ്ടത്. ഇക്കാര്യത്തിൽ വനം വകുപ്പിന് എപ്പോഴും ഒരു രീതിയുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം അവരുടെ റിപ്പോർട്ടിൽ വരില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ സർവ്വെ നടത്തിയത് ഒരു വിദഗ്ദ്ധ സമിതിയാണ്. അല്ലാതെ വനം വകുപ്പിലെ ഉദ്യോഗസ്ഥരല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ മൂന്ന് വകുപ്പുകളുമില്ലാതെ ഒരു വിദഗ്ദ്ധ സമിതിക്കും ഇതിന്റെ സർവ്വെ നടത്താനോ റിപ്പോർട്ട് കൊടുക്കാനോ കഴിയില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിങ്ങൾ പരാമർശിച്ച എല്ലാ വകുപ്പുകളുംകൂടി യോഗം ചേർന്നാണ് ഈ തീരുമാനമെടുക്കുന്നത്. അവരുടെയെല്ലാം സഹകരണത്തോടെയാണ് ഈ പരിശോധന ഫിസിക്കലായി നടത്തുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആദ്യം അങ്ങനെയല്ല ചെയ്തത്. ശ്രീ. ജോസ് കെ. മാണിയുടെയും കേരള കോൺഗ്രസിന്റെയുമൊക്കെ പരാതിയുടെ അടിസ്ഥാനത്തിലാണ് ആ രീതിയിലേയ്ക്ക് മാറിയത്.

<u>മി. സ്പീക്കർ</u>: പ്രതിപക്ഷനേതാവ് ദയവായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ ആദ്യം പറഞ്ഞ മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ കാര്യം വിശദീകരിച്ചു. അങ്ങ് പറഞ്ഞ വകുപ്പുകൾ മാത്രമല്ല വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഊർജ്ജം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ആദ്യം അതുണ്ടായിരുന്നില്ല. കേരള കോൺഗ്രസും ശ്രീ. ജോസ് കെ. മാണിയുമൊക്കെ പരാതി കൊടുത്തപ്പോഴാണ് ആ രീതിയിലേയ്ക്ക് മാറിയത്. അങ്ങനെ മാറ്റിയിട്ടുണ്ടെങ്കിൽ അത് നല്ല കാര്യമാണ്. വനം വകുപ്പാണ് റിവ്യൂ ഹർജിയും കൊടുത്തിരിക്കുന്നത്. അതായത് ഇക്കാര്യത്തിൽ നമുക്കൊരു രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടല്ലോ. ആളുകളെയും കൃഷിയിടങ്ങളെയും ഉപദ്രവിക്കരുത്, ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണം എന്നുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഈ റിവ്യൂ ഹർജിയിൽ പ്രതിഫലിക്കുന്നില്ല. അതാണ് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ്.

മി. സ്പീക്കർ: ഇപ്പോൾത്തന്നെ സാധാരണ എടുക്കുന്നതിനേക്കാൾ കൂടുതൽ സമയമെടുത്തു.

ശ്രീ. വി. ഡി. സതീശൻ: സർ, രാഷ്ട്രീയ ഇച്ഛാശക്തി എന്നുപറഞ്ഞാൽ റിവ്യൂ ഹർജി കൊടുക്കുന്നതിൽ സ്റ്റേറ്റിന്റെ ഒരു പർപ്പസുണ്ട്. അത് ചെയ്യുന്നില്ല. കേരളത്തിന്റെ വാദം എന്താണ്? ഫോറസ്റ്റ് ലാൻഡിന്റെ നാഷണൽ ആവറേജ് 23 ശതമാനമാണ്. അതിനേക്കാൾ കൂടുതൽ, കേരളത്തിലെ ആകെ ലാൻഡിന്റെ 29 ശതമാനം നമുക്ക് തന്നിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും

കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലം കേരളമാണ്. നമുക്ക് ആവശ്യത്തിന് വനമുണ്ടെന്നുപറഞ്ഞ് ഒരു വാദവുമായി അവിടെ ചെല്ലുമ്പോൾ അതിൽ ഇരുപത്തിയെണ്ണായിരത്തിൽ ചില്വാനം ഏക്കർ കയ്യേറിയ സ്ഥലമാണെന്ന് പറയുകയാണ്. കയ്യേറിയ സ്ഥലമാണ് കൊടുക്കുന്നതെന്നുപറഞ്ഞാൽ അത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാകും.

മി. സ്പീക്കർ: പ്ലീസ്...... അങ്ങ് സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കാരണം, അങ്ങ് എന്നെ ഭയങ്കരമായി നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചെയറിനെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയല്ല. പ്രതിപക്ഷംകൂടി പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ടാണ് ഇന്ന് കഴിയുന്നത്ര സമയം ചുരുക്കാമെന്ന ധാരണയുണ്ടാക്കിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയോട് തർക്കിക്കുന്നില്ല. പറഞ്ഞുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട പോയിന്റ് അവസാനിപ്പിക്കണ്ടേ? കോൺഗ്രസിന്റെ തീരുമാനങ്ങളെല്ലാം തെറ്റാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ആദ്യം ആക്ഷേപിച്ചത്. 2002-ലെ

വാജ്പേയ് ഗവൺമെന്റിന്റെ തീരുമാനത്തെ ന്യായീകരിക്കാൻ വേണ്ടിയാണ് കോൺഗ്രസിനെ മന്ത്രി വിമർശിച്ചത്. മന്ത്രി രാഷ്ട്രീയമാണ് പറഞ്ഞത്. ഞങ്ങൾ ഇതിൽ എവിടെയാണ് രാഷ്ട്രീയം കലർത്തിയത്? അതാണ് പ്രതിപക്ഷം. ആവശ്യമില്ലാത്ത വിഷയങ്ങളിൽ, ജനകീയ പ്രശ്നങ്ങളിൽ ഞങ്ങൾ രാഷ്ട്രീയം കലർത്തില്ല. അതിൽ ഉറച്ച നിലപാടാണ് ഞങ്ങളുടേത്. ആ പ്രശ്നം നിങ്ങൾ പരിഹരിച്ചാൽ ഈ ഹൗസിൽ നിങ്ങളെ ഞങ്ങൾ അഭിനന്ദിക്കും. അക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു മടിയുമില്ല. അത് ഗവൺമെന്റിന്റെയും പബ്ലിക്കിന്റെയും ഉദ്യോഗസ്ഥന്മാരുടെയും ഫോക്കസിൽ ഈ വിഷയത്തിന്റെ ഗൗരവം കൊണ്ടുവരിക എന്നതാണ് ഞങ്ങളുടെ പർപ്പസ്. അതിൽ ഒരു രാഷ്ട്രീയവുമില്ല. രാഷ്ട്രീയം പറയുന്ന സമയത്ത് വേറെ എന്തെല്ലാം കാര്യങ്ങൾ പറയാനുണ്ട്. ഇത് ഫലപ്രദമായി ചെയ്തില്ലെങ്കിൽ പാരിസ്ഥിതിക അഭയാർത്ഥി (Environmental Refugees) പ്രശ്നമാണ് ഉണ്ടാകാൻ പോകുന്നത്. തീരപ്രദേശത്തുണ്ടാകുന്നത് പാരിസ്ഥിതിക അഭയാർത്ഥികളാണ്. അതാണ് തിരുവനന്തപുരത്തെ സമരം. പശ്ചിമഘട്ടത്തിലും വനാതിർത്തിയിലും ജീവിക്കുന്ന ആളുകൾ പാരിസ്ഥിതിക അഭയാർത്ഥികളായി മാറും. പാരിസ്ഥിതിക

അഭയാർത്ഥികളെ സൃഷ്ടിക്കുന്ന നയമാണ് സർക്കാർ എടുത്തിരിക്കുന്നത്. മാത്രമല്ല, സർക്കാരിന്റെ പിടിവാശിയും ദുരഭിമാനവുമാണ്. 31-10-2019-ലെ ഉത്തരവ് പിൻവലിക്കാതെ വളച്ചുകെട്ടിയ പുതിയൊരു ഉത്തരവുണ്ടാക്കി അതുമായി സുപ്രീംകോടതിയിലും സി.ഇ.സി. (കമ്മീഷൻ ഫോർ എൻവയോൺമെന്റൽ കോ-ഓപ്പറേഷൻ)-യിലും എം.ഒ.ഇ.എഫ്. (മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്സ്)-ലും പോയാൽ കേരളത്തിന്റെ താല്പര്യങ്ങൾ തകരും. അതിനെ ഗൗരവമായി സമീപിക്കാത്തതുകൊണ്ടും നിസംഗതയോടും ദുരഭിമാനത്തോടുംകൂടി ഈ വിഷയം കൈകാര്യം ചെയ്യുന്ന സർക്കാരിന്റെ നിലപാട് കർഷക താല്പര്യങ്ങൾക്കും ജനതാല്പര്യങ്ങൾക്കും എതിരായതുകൊണ്ടും ഈ വിഷയം സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സമയത്തിന് നിയന്ത്രണമുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും പ്രതിപക്ഷനേതാവും

എടുത്തതുപോലെ സമയമെടുത്ത് ഞാനുംകൂടി വാദിക്കേണ്ട കാര്യമില്ല. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ശതമാന കണക്ക് വച്ചുനോക്കുകയാണെങ്കിൽ എൺവയോൺമെന്റലായി ഫോറസ്റ്റ് ഏര്യയുള്ള, ലോകത്തുതന്നെ ഏറ്റവും വലിയ കോൺട്രിബ്യൂഷൻ നടത്തുന്ന ഒരു സ്റ്റേറ്റ് എന്ന ആനുകൂല്യം കേരളത്തിന് ലഭിക്കേണ്ടതാണ്. അത് സുപ്രീംകോടതിയിൽ ശരിക്കും പറയണം. നഗരങ്ങൾ, ജനവാസ മേഖലകൾ എന്നിവിടങ്ങളിൽ ഒരിക്കലും പ്രായോഗികമല്ലാത്ത തരത്തിലുള്ള നടപടികൾ വേണ്ടിവരും. അത് വേണ്ടവിധം പറഞ്ഞിട്ടില്ല. 2019-ൽ സർക്കാർ ഇക്കാര്യത്തിൽ ഒന്ന് അയഞ്ഞതുകൊണ്ടും ആ സമയത്ത് കോടതിയിൽ ഇതൊന്നും വരാത്തതുകൊണ്ടും പത്ത് കൊല്ലം മുമ്പുമുതൽ നടന്ന നടപടികളൊക്കെ വാദിച്ചുകൊണ്ടിരിക്കാതെ ഫലപ്രദമായി കേരളത്തിന്റെ പോയിന്റ് അവതരിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിലുള്ള ദുരഭിമാനം ഒഴിവാക്കി ജനവാസ മേഖലകൾ ഒഴിവാക്കാനുള്ള ശക്തമായ നടപടിയെടുക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ബഫർ സോൺ വിഷയത്തിൽ ജനങ്ങളുടെ ആശങ്ക നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിന് കഴിയുന്ന വിധത്തിലുള്ള നടപടികളാണ് ഗവൺമെന്റിൽനിന്നുമുണ്ടാകേണ്ടത്. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടും കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലും ആത്മാർത്ഥമായ ഇടപെടലിന് ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെട്ടത്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനമാണ് കേരളം. 29 ശതമാനമാണ് കേരളത്തിന്റെ വന വിസ്തൃതി. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള

സംസ്ഥാനവും കേരളമാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇത് ആവർത്തിച്ച് ഇതിന്റെ ഗൗരവം ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരുന്നത്. ഒരു കിലോമീറ്റർ പരിസ്ഥിതിലോലമാക്കുമ്പോൾ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷം കുടുംബങ്ങളെയും രണ്ടര ലക്ഷം ഏക്കർ കൃഷി ഭൂമിയെയും ബാധിക്കുന്നു. ജനവാസ കേന്ദ്രങ്ങളെയും കർഷകരെയും സംരക്ഷിക്കാൻ കഴിയണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനങ്ങൾ തീർത്തും പ്രതിഷേധാർഹമാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)